**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **07-02-2023 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലെ പുനർനിയമനം, ആശ്രിത നിയമനം, പ്രമോഷൻ തുടങ്ങിയവയുടെ അവകാശികളെ അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകർക്ക് അർഹതപ്പെട്ട ഒഴിവുകളിൽ നിയമിക്കാമെന്നത് ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ ഭിന്നശേഷി സംവരണ നിയമനത്തിനും അത്തരം വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഒഴിവുകളൊന്നും നിലവിലില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാവുന്ന ഒഴിവുകൾ ഭിന്നശേഷി സംവരണത്തിനായി നീക്കിവെക്കാമെന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്നതിനനുസരിച്ച് ഇതിനകം നിയമിക്കപ്പെട്ടവരുടെ നിയമനം, നിയമന തീയതി മുതൽ അംഗീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ